LIBRARY ARCHIVES Kerala Legislative Assembly

ഗോത്രജ്യോതി പദ്ധതി

13 (*193) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്ര ജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്. എൽ.സി. പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് എന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനവും നാഷണൽ സർവ്വീസ് സ്കീമും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

(ഡി) സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മേയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയും 3500-ൽപരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകളും അവബോധവും നൽകുകയുമുണ്ടായി. 3 ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാഥമിക ഘട്ടത്തിൽ ശില്പശാലകളിൽ പങ്കെടുക്കുന്ന യുവതീയുവാക്കളിൽനിന്നും യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവയുടെ വിവരശേഖരണം നടത്തി വിശദമായ ലിസ്റ്റ് തയ്യാറാക്കുന്നു. രണ്ടാം ഘട്ടത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ഈ

യുവതീയുവാക്കൾക്ക് സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി. കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകുന്നു. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ 65 യുവതീയുവാക്കൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകി വരുന്നു. ഇവർക്ക് താമസം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി നൽകുകയും പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുകയും ചെയ്യുന്നു.

ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുതുതായി അംഗീകരിച്ച റഗുലേഷനുകൾ

14 (*194) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുതുതായി എന്തെങ്കിലും റെഗുലേഷനുകൾ അംഗീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റെഗുലേഷനുകൾ വൈദ്യുതി നിരക്കുകളിൽ എന്തു മാറ്റം വരുത്തുമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റെഗുലേഷനുകൾ എപ്പോൾ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) എല്ലാ വർഷവും താരിഫ് വർദ്ധിപ്പിക്കുന്ന നിലയിൽ തയ്യാറാക്കിയ റഗുലേഷനിൽ സർക്കാർ ഏതെങ്കിലും തരത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി) പ്രസ്തുത റെഗുലേഷൻ നടപ്പിലാക്കുന്നതുകൊണ്ട് മാത്രം വൈദ്യുതി നിരക്കിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നില്ല. 2010-11-ലെ ട്രൂയിംഗ് അപ്പ് കഴിഞ്ഞതിനു ശേഷം കമ്മീഷൻ അംഗീകരിച്ച കണക്കുകളാണ് ചെലവുകൾക്കായി മാനദണ്ഡമാക്കിയിട്ടുള്ളത്. താരിഫിലുണ്ടാകുന്ന മാറ്റം ലൈസൻസികൾ പെറ്റീഷനുകൾ സമർപ്പിച്ചതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

(സി) 2014 നവംബർ 14 മുതലാണ് റെഗുലേഷൻ നിലവിൽ വന്നത്. 2015-16 മുതൽ 2017-18 വരെയുള്ള വരവ് ചെലവു കണക്കുകൾ 2014 ഡിസംബർ 31-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly